**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5011** **20-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ ഡയറക്ടേറ്റിലെ ജീവനക്കാരുടെ സെക്ഷൻ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ ഡയറക്ടേറ്റിലെ ജീവനക്കാരുടെ സെക്ഷൻ മാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | നിശ്ചയിച്ചിട്ടില്ല. |
| (ബി) | വിവിധ സെക്ഷനുകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ ഇടയ്ക്കിടെ സെക്ഷൻ മാറ്റി നിയമിക്കുന്നത് കാരണം അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും പ്രസ്തുത സെക്ഷനുകളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾക്കും ഫയൽ തീർപ്പാക്കുന്നതിനും കാലതാമസം നേരിടുന്നത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | സെക്ഷൻ മാറ്റി നിയമിക്കുന്നത് മൂലം സേവനം നൽകുന്നതിന് കാലതാമസം നേരിടുന്നതായുള്ള പരാതികൾ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കോഴിക്കോട്, കണ്ണൂർ ഉൾപ്പെടെ അഞ്ച് ജില്ലകളിലെ എയ്ഡഡ് സ്കൂളുകളുടെ മാനേജ്മെന്റ് ട്രാൻസ്ഫർ, നിയമനാംഗീകാരം ഉൾപ്പെടെ ഗൗരവതരമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ജി സെക്ഷനിൽ തുടർച്ചയായി ജീവനക്കാരെ മാറ്റുന്നത് ഓഫീസ് പ്രവർത്തനങ്ങളെ ബാധിക്കുകയും പ്രസ്തുത സെക്ഷനിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾക്കും ഫയൽ നീക്കങ്ങൾക്കും തടസ്സം നേരിടുകയും ചെയ്യുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ; | (സി) | ജി സെക്ഷനിലെ വർക്ക് ലോഡ് കണക്കിലെടുത്ത് ജി 6 എന്ന പുതിയൊരു സീറ്റ് കൂടി പുനഃക്രമീകരണത്തിലൂടെ അനുവദിച്ച് സെക്ഷൻ ക്ലർക്കിനെ നിയമിച്ചിട്ടുണ്ട് |
| (ഡി) | പ്രസ്തുത സെക്ഷനിൽ മാനേജ്മെന്റ് ട്രാൻസ്ഫർ ഉൾപ്പെടെയുള്ള സങ്കീർണ്ണമായ ഫിസിക്കൽ ഫയലുകളിലെ വിഷയങ്ങൾ പരിശോധിച്ച് തീരുമാനങ്ങളെടുക്കേണ്ടതിനാലും ജീവനക്കാർ സെക്ഷൻ ജോലികളും ഫയലുകളും പഠിച്ചു വരുമ്പോഴേക്കും സെക്ഷൻ മാറ്റുന്നതിനാലും ഫയൽ തീർപ്പാക്കലിനെ ബാധിക്കുന്നുണ്ടെന്ന കാര്യം പരിശോധിക്കുമോ; | (ഡി) | നിലവിൽ ജി2 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ജീവനക്കാരനെ മാറ്റിനിയമിച്ചെങ്കിലും ടിയാളെ ആ സെക്ഷനിലേയ്ക്ക് തിരികെ കൊണ്ടുവരുകയും ജി 6 എന്ന പുതിയൊരു സീറ്റ് പുനഃക്രമീകരണത്തിലൂടെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ജോലിഭാരം കൂടുതലുള്ളതും ഗൗരവതരവും സങ്കീർണ്ണവുമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതുമായ ഇത്തരം സെക്ഷനുകളിൽ കൂടുതൽ പരിചയസമ്പന്നരായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ഇ) | വകുപ്പിലെ എല്ലാ തരത്തിലുള്ള ജോലികളും പ്രാധാന്യമുള്ളവ തന്നെയായതിനാൽ ഗുണമേന്മയുള്ള സേവനം സമയബന്ധിതമായി നൽകുന്നതിനായി എല്ലാ തരത്തിലുള്ള ജോലികൾക്കും എല്ലാ ജീവനക്കാരെയും പ്രാപ്തരാക്കുക എന്നതിന് മുൻഗണന നൽകി പരിചയസമ്പത്ത് ആർജ്ജിക്കുന്നതിനുള്ള അവസരം എല്ലാവർക്കും ലഭ്യമാക്കുകയാണ് ചെയ്ത് വരുന്നത്. |
| (എഫ്) | ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സെക്ഷനിൽ ചുരുങ്ങിയത് മൂന്ന് വർഷമെങ്കിലും ജീവനക്കാരെ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (എഫ്) | ഒരു സെക്ഷനിൽ പരമാവധി മൂന്ന് വർഷം മാത്രമേ ഒരു ജീവനക്കാരനെ നിലനിർത്താനാവൂ. ഹെഡ് ക്വാർട്ടർ ഒഴിവുകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർ അവരുടെ സ്വന്തം ജില്ലയിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് മാറിപ്പോകുന്നതിനാൽ പലപ്പോഴും അടിയന്തര സാഹചര്യം കണക്കിലെടുത്ത് നിലവിലുള്ള ജീവനക്കാരെ മാറ്റി നിയമിക്കേണ്ടി വരുന്നുണ്ട്. ചില ജീവനക്കാരുടെ കടുത്ത ആരോഗ്യപ്രശ്നങ്ങളും സെക്ഷൻ മാറ്റത്തിന് കാരണമാകാറുണ്ട്. |

സെക്ഷൻ ഓഫീസർ